# 16-ാം കേന്ദ്ര ധനകമ്മീഷൻ നിർദ്ദേശങ്ങൾ: കേരള ബജറ്റ് 2026-27 ന് പ്രതിസന്ധി. സമഗ്ര അഴിച്ചുപണി അനിവാര്യം

**ഡോ. ജോസഫ് ഏബ്രഹാം**

പ്രശസ്ത ധനശാസ്ത്രജ്ഞൻ ഡോ. അരവിന്ദ് പനാഗരിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ 16-ാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പാർലമെന്റിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിലെ പുതിയ സമീപനങ്ങളും നിർദ്ദേശങ്ങളും ഉൾകൊണ്ടാണ് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ കേന്ദ്ര ധനബജറ്റ് 2026-27 തയ്യാറാക്കി അവതരിപ്പിച്ചത്. പിന്നിട്ട 14&15 ധനകമ്മീഷനുകളുടെ സമീപനങ്ങളിൽ നിന്നും ഘടനാപരമായി സുപ്രധാന മാറ്റങ്ങൾ 16-ാം ധനകമ്മീഷൻ വരുത്തി. മുൻകാലങ്ങളിലെ കോംമ്പൻസേറ്ററി ഫിസ്കൽ ഫെഡറലിസ വഴിത്താരകളിൽ നിന്നും ധൈര്യപൂർവ്വം വഴിമാറി സഞ്ചരിച്ച് ചിട്ടാധിഷ്ഠിത ദിശാബോധം ചേർത്തുപിടിയ്ക്കുന്ന ഫെഡറലിസ്റ്റ് സമീപനമാണ് പുതുതായി ഉരുത്തിരിഞ്ഞിരിക്കുന്നത്. പല തലങ്ങളിൽ കേരളത്തിന് ദൂരവ്യാപകമായ അനന്തര തുടർ സാമ്പത്തിക പ്രതിഫലനങ്ങൾ ഉളവാക്കുന്നതാണീ മാറ്റങ്ങൾ. വർദ്ധിത തോതിൽ തനത് വിഭവ സമാഹാരണം ഉറപ്പാക്കേണ്ടതോടൊപ്പം, മുൻകാലങ്ങളിൽ ലഭ്യമായിരുന്ന സാമ്പത്തിക 'തലയിണ-സംരക്ഷണം' വലിയതോതിൽ കുറവാക്കുന്നതാണ് പുതിയ സമീപനം. ഈ മാറ്റത്തെ ഉൾക്കൊള്ളാതെയാണ് സംസ്ഥാന ധനമന്ത്രി കേരളത്തിന്റെ ബജറ്റ് 2026-27 തയ്യാറാക്കി അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിന്റെ ക്രാന്തദർശിയായ ബഹു. ധനമന്ത്രി ബാലഗോപാലിന് കേന്ദ്രം സ്വീകരിക്കുവാൻ പോകുന്ന ധനനയ മാറ്റം മുൻ കൂട്ടി അനുമാനിക്കുവാൻ കഴിയുമായിരുന്നില്ലേ?, എന്നാൽ ഉടനെ നടക്കുവാൻ പോവുന്ന അസംബ്ളി തിരഞ്ഞെടുപ്പിന് മുന്നോടിയായി സ്വീകരിച്ചിട്ടുള്ള പല ധനവിനിയോഗങ്ങളും നടപ്പിലാക്കുവാൻ കഴിയാതെ വരുന്ന പ്രത്യേക സാഹചര്യമാണ് കടന്നുവന്നിരിക്കുന്നത്. ഇവയെ പ്രതിരോധിയ്ക്കാൻ എന്ത് നടപടികളാണ് ധനമന്ത്രിക്ക് സ്വീകരിയ്ക്കാൻ കഴിയുക? അസംബ്ളി പാസ്സാക്കിയ കേരള ബജറ്റ് 2026-27 ആകെ തകിടംമറിയുന്ന സാഹചര്യങ്ങൾ കടന്നുവന്നിരിക്കുന്നു. ഈ ബജറ്റിന് സമഗ്ര അഴിച്ചുപണി അനിവാര്യം.

16-ാം ധനകമ്മീഷൻ നിർദ്ദേശങ്ങൾ പ്രകാരം കേരളത്തിന് ബാധകമായ വിഭവ സ്രോതസ്സുകളും അനുബന്ധ പണ ലഭ്യതകളും കണക്കാക്കേണ്ടതുണ്ട്. ഇവയെ മുൻ 15-ാം ധനകമ്മീഷൻ പ്രകാരം ലഭ്യമായിരുന്ന ധനവിഭവങ്ങളുമായി താരതമ്യം ചെയ്തു വിലയിരുത്തേണ്ടതുമുണ്ട്. കേരളം 16-ാം ധനകമ്മീഷൻ മുമ്പാകെ സമർപ്പിച്ച മുഖ്യ-നിർദ്ദേശങ്ങൾ ഏവ? ഇവയ്ക്കുമേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ? എപ്രകാരമാണ് കേന്ദ്ര ധനകമ്മീഷൻ ധനകാര്യ അച്ചടക്കം, നിയമ വിധേയമാക്കി പ്രവർത്തിച്ചു മുന്നേറാൻ സംസ്ഥാനത്തെ നിഷ്കർഷിച്ചിരിക്കുന്നത്? അടുത്ത കേരള സർക്കാരിന് പുതുക്കിയ ബജറ്റ് 2026-27 തയ്യാറാക്കുക വലിയ വെല്ലുവിളിയായി കടന്നുവന്നിരിയ്ക്കുന്നു.

## II. 16-ാം ധനകമ്മീഷന്റെ പുതുമുഖം

മൂന്ന് പുതിയ മുഖ്യ ഇനങ്ങളിലാണ് മാറ്റം കടന്നുവന്നിരിക്കുന്നത്.

(i) **സി.ജി.പി.യിലേക്ക് ലഭ്യമാക്കുന്ന വിഹിതത്തിന് 10 ശതമാനം തിരഞ്ചീന വെയിറ്റേജ് നല്കും**. അതായത് സംസ്ഥാനം കൈവരിയ്ക്കുന്ന സാമ്പ

ത്തിക വളർച്ചാ നിരക്ക്, ഉത്പാദന ക്ഷമത എന്നിവയ്ക്ക് പ്രത്യേക പരിഗണന കണക്കാക്കും. ഇത് കേരളത്തിന് പൊതുവെ ഗുണകരം.

(ii) **<u>റവന്യു ഡഫസിറ്റ് ഗ്രാന്റ് നിർത്തലാക്കി</u>**. ഇത് സംസ്ഥാനത്തിന്റെ ക്രമാതീതമായി വർദ്ധിച്ചുവരുന്ന നികുതി വരവ്-ചിലവ് വിടവിനെ നിരുത്സാഹപ്പെടുത്താനുപകരിക്കും. വലിയ തോതിൽ ശമ്പളം, പെൻഷൻ, ഇതര സബ്സിഡികൾ എന്നിവ നിർല്ലോഭം നൽകണമെങ്കിൽ തനത് നികുതി, റവന്യു, പൊതു മേഖലയുടെ വരുമാനം, ലാഭം എന്നിവയെ ആശ്രയിക്കുവാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു.

(iii) **<u>ഗ്രാന്റുകൾ നിബന്ധനകൾക്ക്</u>** വിധേയമാക്കി, അവകാശമല്ലെ: പ്രത്യേക സെക്ടർ പ്രകാരവും, സംസ്ഥാന അധിഷ്ഠിതവുമായിട്ടുള്ള ഗ്രാന്റുകൾ പിൻവലിയ്ക്കപ്പെട്ടു. എന്നാൽ തദ്ദേശ ഭരണ സ്ഥാനങ്ങൾക്കായുള്ള ഗ്രാന്റുകൾ മാത്രം തുടരും; പക്ഷെ പ്രവർത്തന മികവിനെ ആസ്പദമാക്കിയാവും ഇവയുടെ ഭാവി വിതരണവും.

**<u>III. 15-ാം ധനകമ്മീഷന് ഭാഗിക തുടർച്ചയുണ്ട്:</u>** പുതിയ തത്വശാസ്ത്രപരമായ മാറ്റങ്ങൾ ഏർപ്പാടാക്കാതെ 16-ാം ധനകമ്മീഷൻ തുടരാനുറച്ചിട്ടുള്ള മുൻകാല മുഖ്യ നാല് തലങ്ങൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു:

(i) വിഭവങ്ങളുടെ ലംബ വിഭജനം 41%;
(ii) 2011 സെൻസ് ജനസംഖ്യ;
(iii) ദുരന്ത നിവാരണ ധനസഹായം;
(iv) എഫ്.ആർ.ബി.എം. ആക്ടുകൾ അനുസരിച്ച് ധനകമ്മിയുടെ പരിധികൾ നിശ്ചയിക്കൽ; ഇവയുടെ നിർബന്ധിത തുടർ നടപ്പാക്കലുകൾ, നിർവ്വഹണം കഠിനതരമാക്കും.

## <u>IV. ധനസഹായ താരതമ്യം</u>

15-ാം ധനകമ്മീഷൻ പ്രകാരം ലഭ്യമാക്കിയ ധന സഹായം മുഖ്യ അഞ്ച് ഇനങ്ങളിലായി ഏകദേശം Rs. 1.38 മുതൽ Rs. 1.45 ലക്ഷം കോടിയായി കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നാൽ 16-ാം ധനകമ്മീഷൻ പ്രകാരം Rs.1.33 മുതൽ Rs.1.40 ലക്ഷം കോടി ലഭിക്കുമെന്നാണ് പ്രതീക്ഷ.

15-ാം ധനകമ്മീഷൻ പ്രകാരം സംസ്ഥാനത്തിന് ലഭിച്ച മൊത്ത നികുതി വിഹിതം Rs.95000 കോടിയായിരുന്നത് 16-ാം കമ്മീഷൻ പ്രകാരം ഏകദേശം Rs.1.12 ലക്ഷം കോടിയായി ഉയരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. റവന്യു ഡഫസിറ്റ് ഗ്രാന്റുകൾ Rs.23,000 കോടി ലഭിച്ചത് നിർത്തലാക്കി. അതുപോലെ സംസ്ഥാനങ്ങൾക്ക് പ്രത്യേകമായിട്ടുള്ള/സെക്ടറൽ ഗ്രാന്റുകൾ Rs.6000 കോടിയായിരുന്നതും നിർത്തലാക്കിയിരിക്കുന്നു. പ്രാദേശിക ഭരണസമിതികൾക്ക് ലഭിക്കുന്ന ഗ്രാന്റുകൾ Rs.19,000 കോടിയിൽ നിന്നും Rs.22,000 കോടിയാക്കി. പ്രകൃതി ദുരന്ത/റിലീഫ് ഫണ്ടുകൾ Rs.7,000 കോടിയിൽ നിന്നും Rs.10,000 കോടിയാക്കും.

അതായത് മുൻ ധന കമ്മീഷൻ പ്രകാരം കേരളത്തിന് ആകെ മൊത്തം ലഭിച്ചുവന്നിരുന്ന ധന സഹായങ്ങൾ പുതിയ കമ്മീഷൻ നിശ്ചയപ്രകാരം പൊതുവെ കുറയുകയും, മന്ദീഭവിക്കുകയുമാണ്. ഇപ്രകാരം കേരളത്തിന്റെ വിഭവ ലഭ്യത

ആകെ മൊത്തം അസ്ഥിരപ്പെടുത്തുകയും കുറയുകയും ചെയ്യപ്പെട്ടിരിക്കുന്നു. ഇത് വലിയ തിരിച്ചടിയാണ്, സമഗ്ര അഴിച്ചുപണി വേണ്ടി വരും.

**V. വിഭവ ലഭ്യത മന്ദീഭവിച്ചു:** കേന്ദ്ര മൊത്ത വിഭവങ്ങളുടെ സംസ്ഥാന വിഹിതം 1.92% നിന്നും 2.40% ആയി ഉയർത്തിയിരിക്കുന്നു. ഇത് സംസ്ഥാനത്തിന് ആശ്വാസ കരമാണ്. എന്നാൽ ഈ ഉയർന്ന നികുതി പങ്കുവയ്ക്കൽ നിരക്ക് ഫലത്തിൽ മൊത്ത വിഭവ/തുക ലഭ്യതയെ സാരമായി ഉയർത്തുകയില്ല, കാരണം റവന്യു കമ്മി ഗ്രാന്റിനെ നിർത്തലാക്കിയത് തന്നെ. ഫലത്തിൽ മൊത്ത വിഭവ ലഭ്യത മന്ദീ ഭവിക്കുന്നതായി മനസ്സിലാക്കാം. ഇത് മിറകടക്കാൻ സംസ്ഥാനം ക്രിയാത്മക ധന സമാഹരണ നടപടികൾ സ്വീകരിയ്ക്കേണ്ടതുണ്ട്. പുതിയ നികുതികൾ കടന്നുവ രാതെ പ്രതിരോധിയ്ക്കേണ്ടതുണ്ട്. ഇത് സാധാരണക്കാരായ അദ്ധ്വാന വർഗ്ഗത്തിന്റെ ദൈനംദിന ജീവിത ഭാരം വർദ്ധിപ്പിക്കും.

## VI. നിവേദനങ്ങൾ - പരിഗണനകൾ തള്ളി

(i) കേന്ദ്ര ധന കമ്മീഷൻ മുമ്പാകെ കേരളം നൽകിയ ആറ് മുഖ്യ സബ് മിഷനു കളിൽ രണ്ടെണ്ണം മാത്രമെ ഭാഗികമായിട്ടാണെങ്കിലും പരിഗണിയ്ക്കപ്പെടുകയു ണ്ടായിട്ടുള്ളു. അധികാര വികേന്ദ്രീകരണ ഭരണ രംഗത്ത് കൈവരിക്കുന്ന നേട്ട ങ്ങളെ പ്രത്യേകം പരിഗണിക്കുമെന്നത് കേരളത്തിൽ ഗുണ കരമാണ്.

(ii) ലംബാധിഷ്ഠിത വിഭവ പങ്കിടീലിനായി മികച്ച സാമ്പത്തിക പുരോഗതി, ഉദ്പാ ദന ക്ഷമത എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുന്ന സമീപനം നല്ലതു തന്നെ. ലംബാധിഷ്ഠിത വിഹിത വിതരണം 50% ആക്കരമെന്ന കേരളത്തിന്റെ അഭ്യർത്ഥന മാനിച്ചില്ല, നിലവിലെ 41% തുടർന്നുപോരുന്നു.

(iii) പൊതുവിൽ പങ്കുവയ്ക്കപ്പെടുന്ന വിഭവ ഇന വിഹിതങ്ങൾക്ക് പുറമെ വർദ്ധിത തോതിൽ ഏർപ്പാടാക്കി വരുന്ന കേന്ദ്ര സെസുകളുടെ എണ്ണവും തോതും കുറയ്ക്കണമെന്നത് പരിഗണിച്ചിട്ടില്ല.

(iv) ഉയർന്ന മനുഷ്യ വിഭവശേഷി കൈവരിച്ച സംസ്ഥാനത്തിന്റെ നേട്ടം മാനിക്ക പ്പെട്ടില്ല. റവന്യു-സെഫിസിറ്റ് ഗ്രാന്റുകൾ തുടരില്ലായെന്ന് നിശ്ചയിച്ചത് തിരിച്ചടിയാ യിരിക്കുന്നു, വിദ്യാഭ്യാസ രംഗത്ത് മുതൽമുടക്കിന് കടിഞ്ഞാൺ വീഴും.

(v) ജനസംഖ്യാപരമായ പുരോഗതി, രൂപമാറ്റം, വയോജനങ്ങൾക്ക് പ്രത്യേക പരി ഗണന നൽകണമെന്ന അപേക്ഷയും പരിഗണിച്ചില്ല.

## VII. കടുത്ത ധനകാര്യ ഞെരുക്കം

പുതിയ ധനകമ്മീഷന്റെ നൂതന സമീപനങ്ങൾ കേരളത്തിന് മൂന്നു തലങ്ങ ളിൽ വർദ്ധിത ധനഞെരുക്കം സമ്മാനിക്കുന്നു. (i) ആർ.സി.ജി.യുടെ നിർത്തലാക്കൽ സംസ്ഥാനത്തെ നിലവിലെ ധനലഭ്യതയെ പ്രതികൂലമായി ബാധിക്കും; (ii) നിലവിലെ ഉയർന്ന തോതിലുള്ള കമ്മിറ്റഡ് ചിലവാക്കലുകളെ കുറയ്ക്കുന്നു; (iii) വായ്പാ ലഭ്യത വളരെ കർശന നിയന്ത്രണ വിധേയമാക്കപ്പെ ടുന്നത് വികസനം, സർക്കാർ ഭരണ നിർവ്വഹണത്തെ വലിയ തോതിൽ പ്രതികൂല മായി സ്വാധീനിക്കും.

ഈ പ്രതിസന്ധികളെ മറികടക്കാൻ നിലവിലെ നികുതി ശേഖരണം കാര്യ ക്ഷമമാക്കണം; പുതിയവ ക്രിയാത്മകമായി കണ്ടെത്തി ഏർപ്പാടാക്കണം. പൊതു സർക്കാർ സംവിധാനങ്ങൾ വരുമാനം, ലാഭം, ഉത്പാദനക്ഷമത എന്നിവയെ വിപു ലമായി ആശ്രയിക്കണം. നിലവിലെ സർക്കാർ ചിലവുകൾ മുൻഗണനാക്രമം ചിട്ട

പ്പെടുത്തി നിർവ്വഹിക്കുവാൻ ആരംഭിക്കട്ടെ. സർക്കാർ പാഴ് ചിലവുകൾ ഉന്മൂലം ചെയ്യട്ടെ, അതോടൊപ്പം അഴിമതിയും പൊതുമുതൽ നശിപ്പിക്കുന്ന പ്രവണതകൾ ശിക്ഷിക്കപ്പെടട്ടെ. സർക്കാർ ഭാരം കുറയ്ക്കട്ടെ സദ്ഭരണം ഉയരട്ടെ.

## VIII. കേരള ബജറ്റ് 2026-27 ന് തിരുത്ത്

ധനമന്ത്രി ബജറ്റ് 2026-27 നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ, 16-ാം കേ ന്ദ്ര ധനകമ്മീഷൻ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നില്ല. നിലവിലെ സാഹചര്യങ്ങൾ പ്രകാരം കടുത്ത ധനകാര്യ നിയന്ത്രണങ്ങൾ ഉണ്ടാവും എന്ന് അദ്ദേഹം ന്യായമാ യിട്ടും പ്രതീക്ഷിച്ചിരിക്കാം. ബജറ്റിലെ വിഭവ ലഭ്യതയിലും, പങ്കിടിൽ മാനദണ്ഡ ങ്ങളിലും വലിയ മാറ്റങ്ങൾ കടന്നുവരുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ അസ്ഥിരപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായും:-

(i) ആർ.ഡി.എഫ്. ഗ്രാന്റ് നിർത്തലാക്കിയത് പ്രതിവർഷം 5000 - 6000 കോടിരൂപ യുടെ വിഭവ ലഭ്യതാ കുറവ് സൃഷ്ടിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. നിലവിൽ സംസ്ഥാനത്തെ റവന്യു വരുമാനത്തിന്റെ 60 മുതൽ 70 ശതമാനത്തിനു പരി തുക ശമ്പളം, പെൻഷൻ, പലിശ, എന്നീയിനങ്ങൾക്കായി വകയിരുത്തപ്പെടു ന്നത്, വികസന പ്രതിസന്ധി അഭിമുഖീകരിക്കും. വർദ്ധിത തോതിൽ പുതിയ വരു മാന സ്രോതസുകൾ ഏർപ്പാടാക്കുന്നത് സാധാരണക്കാരുടെ മേൽ നികുതി ഭാരം, വിലക്കയറ്റം, ജോലി നഷ്ടം എന്നിവകളെ അടിച്ചേൽപ്പിക്കും. ഇത് നിലവിലെ കടുത്ത ധന സ്ഥിതിഗതികൾ വഷളാക്കും.

(ii) സെക്ടറടിസ്ഥാനപ്പെടുത്തിയിട്ടുള്ള നിലവിലെ കേന്ദ്ര ഗ്രാന്റുകൾ, സംസ്ഥാന ങ്ങൾക്കുള്ള സ്പോൺസേർട് സ്കീമുകൾ എന്നിവ പരിമിതപ്പെടുത്തുന്നത് ധനല ഭ്യത, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയെ പ്രതിസന്ധിയിലാഴ്ത്തി, പാവ പ്പെട്ടവരെയും ദുർബല വിഭാഗങ്ങളെയും ദുരിതത്തിലാഴ്ത്തും.

(iii) പ്രാദേശിക ഭരണ സമിതികൾക്കുള്ള ഗ്രാന്റുകൾ തുടരുമെങ്കിലും, പ്രവർത്തന മികവ്, ടാർജറ്റുകൾ എന്നിവ ഏർപ്പാടാക്കുമ്പോൾ ഈയിനം തുകയുടെ ലഭ്യത കുറയുമെന്നതിലുപരി പലതല/തര തിരിമറികൾ നടത്തുവാൻ ഭരണക്കാർക്ക് അവ സരം നഷ്ടപ്പെടും, ഇത് വളതെ നല്ലത് തന്നെ.

ചുരുക്കത്തിൽ വലിയ മുന്നേറ്റങ്ങൾ അവകാശപ്പെടുന്ന കേരള ബജറ്റ് 2026 -27 ന്റെ നടത്തിപ്പ് തുടക്കത്തിലെ ക്രമം തെറ്റിയിരിക്കുന്നു. ബജറ്റിന്റെ അടിസ്ഥാന റെയിൽ പാളങ്ങൾ ദുർബലപ്പെട്ടിരിക്കുന്നു. ഈ തകർച്ച ഘടനാപരമാണ്. ഈ പുതിയ ധന പ്രതിസന്ധികൾ ശക്തി പ്രാപിച്ച് സമ്പത്ത് ഘടനയെ, താറുമാറാക്കും. നിയമസഭാ 2026 പൊതു തിരഞ്ഞെടുപ്പിനെ മോഡി പിടിപ്പിയ്ക്കാനുള്ള ധനമന്ത്രി യുടെ മോഹന വാഗ്ദാനങ്ങൾ കടുത്ത ബജറ്റ് പുനരേകീകരണ നടപടികൾ ആരം ഭിക്കുവാൻ, പുതിയ ധനമന്ത്രിക്ക് –വെല്ലുവിളി സമ്മാനിച്ചിരിക്കുന്നു.

*********